പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1277

11/06/2019-ൽ
മറുപടിയ്ക്ക്

**സർക്കാർ സ്കൂളുകളിലെ പശ്ചാത്തല സൗകര്യം**

ചോദ്യം

**ശ്രീ.പി.കെ. ശശി**
**,, റ്റി.വി.രാജേഷ്**
**,, പി.വി. അൻവർ**
**,, എം. പ്രദീപ്കുമാർ**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സർക്കാർ സ്കൂളുകളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത സംസ്ഥാനത്തെ 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 3 കോടി കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 500 നും ആയിരത്തിനുമിടയിൽ വിദ്യാർത്ഥികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തലസൗകര്യ വികസനത്തിനായി 1 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. 'കിഫ്ബി' സഹായം ലഭിക്കാത്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം പ്ലാൻ ഫണ്ടുപയോഗിച്ചും എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ചലഞ്ച് ഫണ്ട് ഉപയോഗിച്ചും നടത്തിവരുന്നു. കൂടാതെ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ ഐ.ടി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികൾ

| | | | |
|---|---|---|---|
| | | | ഹൈടെക് ആക്കുകയും 9941 സർക്കാർ / എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്ക് ഹൈടെക്ക് പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിനും ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യങ്ങളും ശുചിത്വ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (ബി) | സർക്കാർ സ്കൂളുകളിലെ കുടിവെള്ള സൗകര്യങ്ങളും ശുചിത്വ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര ഘട്ടങ്ങളിൽ ഫണ്ട് അനുവദിച്ചു വരുന്നു. |
| (സി) | സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (സി) | സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബിയിൽ നാളിതുവരെ 1237.67/- (ആയിരത്തി ഇരുന്നൂറ്റി മുപ്പത്തി ഏഴ് കോടി അറുപത്തേഴുലക്ഷം രൂപ മാത്രം) കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് "സമേതം" ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ വിശദാംശങ്ങളിൽ പൊതുഇടത്ത് ലഭ്യമാക്കുവാൻ കഴിയുന്ന ഡാറ്റ ഉൾപ്പെടുത്തി "സമേതം" സ്കൂൾ ഡാറ്റാ ബാങ്ക് www.sametham.Kite Kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. |

Namitha.P

**സെക്ഷൻ ഓഫീസർ**